**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1971** — **15.07.2016 ലെ മറുപടിയ്ക്ക്**

## നാറാണത്ത് ചിറ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി. സത്യൻ** | **മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കരവാരം ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട നാറാണത്ത് ചിറ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;<br><br>(ബി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ് എന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്നാണ് നവീകരണം പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;<br><br>(സി) നാശാവസ്ഥയിലുള്ള നാറാണത്തുചിറ എത്രയും വേഗം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ), (ബി)& (സി)<br><br>ഈ പ്രവൃത്തിക്ക് 19.75 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി 4 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ശരിയായ പ്രതികരണം ഉണ്ടാകാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും രണ്ടാമത്തെ പ്രാവശ്യം ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ എ.നിസാമുദീൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക് 25% അധിക നിരക്കിൽ ക്വോട്ട് ചെയ്യുകയുണ്ടായി. ഇതു സംബന്ധിച്ച് അടിയന്തിരമായി തുടർനടപടി സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യ്ക്ക് നിർദ്ദേശം നല്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**